തയ്യാറാക്കിയ എസ്റ്റിമേറ്റ് 30-8-2015-ൽ കൂടിയ വർക്കിംഗ് ഗ്രൂപ്പ് യോഗം അംഗീകരിക്കുകയും 6-10-2015-ലെ സ.ഉ. (സാധാ.) നമ്പർ 1637/2015/എസ്.സി.എസ്.ടി.ഡി.ഡി. പ്രകാരം കുറവങ്ങാട് ഐ.ടി.ഐ.-യുടെ പുതിയ കെട്ടിടത്തിനുള്ള 1,93,00,000 രൂപയ്ക്കുള്ള പുതുക്കിയ ഭരണാനുമതി നൽകിയിട്ടുള്ളതുമാണ്. കുറവങ്ങാട് ഐ.ടി.ഐ.യുടെ നിർമ്മാണച്ചുമതല ഏറ്റെടുത്തിരിക്കുന്നത് കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനാണ്.

പട്ടികജാതി സ്വയം സഹായ സംഘങ്ങൾ

341 (1030) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി സ്വയം സഹായ സംഘങ്ങൾക്ക് ഈ സർക്കാർ വന്നതിന് ശേഷം ഓരോ വർഷവും എത്ര രൂപ നീക്കിവച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) എത്ര സംഘങ്ങൾ സഹായത്തിനായി നാളിതുവരെ അപേക്ഷ നൽകിയിട്ടുണ്ടെന്ന് ജില്ലാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ ;

(സി) സംഘങ്ങൾക്ക് എത്ര രൂപ വീതം നൽകിയെന്ന് വിശദമാക്കുമോ ;

(ഡി) സഹായം അനുവദിച്ചിട്ടില്ലാത്ത സംഘങ്ങളുടെ വിവരവും അതിന്റെ കാരണവും വിശദമാക്കുമോ ?

ഉത്തരം

(എ) പട്ടികജാതി സ്വയം സഹായ സംഘങ്ങൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ധനസഹായം അനുവദിക്കുന്ന പദ്ധതി 2013-14-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിക്കുകയും 2014-15 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കി വരുകയും ചെയ്യുന്നു. 2014-15 സാമ്പത്തിക വർഷം 439 ലക്ഷം രൂപയും 2015-16 സാമ്പത്തിക വർഷം 540 ലക്ഷം രൂപയും പദ്ധതി നടത്തിപ്പിലേക്കായി ജില്ലകൾക്ക് അനുവദിച്ചിട്ടുണ്ട്.

(ബി) അനുബന്ധം 1 ആയി ചേർക്കുന്നു*.

(സി&ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly